പോലീസ് വകുപ്പ്

കേരളം

**No. E1(a)-43122/2018/T**

ജില്ലാ പോലീസ് ഓഫീസ്,
തിരുവനന്തപുരം റൂറൽ
sptvmrl.pol@kerala.gov.in
04712302296
തീയതി. 04-09-2018

<u>**ലേല പരസ്യം**</u>

തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയുടെ അധീനതയിൽ നെയ്യാറ്റിൻകര പോലീസ് ക്വാർട്ടേർസ് കോമ്പൗണ്ടിൽ നിൽക്കുന്ന പെരുമരം, **15.09.2018** ആംതീയതി പരസ്യമായി ലേലം ചെയ്തു കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് നേരിട്ട് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സീല് ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ 14.09.2018 തിയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയുടെ ഓഫീസിൽ കിട്ടുന്ന വിധം നല്കാവുന്നതുമാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ല പോലീസ് മേധാവി തിരുവനന്തപുരം റൂറലിൻറെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടാതാണ്. ദർഘാസുകൾ ലേലത്തിന് ശേഷം പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും യുക്തമെന്ന് തോന്നുന്ന പക്ഷം ലേലത്തിലോ ദർഘസിലോ ഏതിലാണോ തുക കൂടുതൽ ആയതിൻ ലേലം താത്കാലികമായി സ്ഥിരപെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേല/ദർഘാസ് തുകയുടെ പകുതി (നിശ്ചിത നിരതദ്രവ്യം ഒഴികെ) ലേല സ്ഥലത്ത് വച്ചുതന്നെ അടക്കേണ്ടതും ബാക്കി തുകയും ലേല തുകയുടെ 5% വനവികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% GST-യും ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടക്കേണ്ടതുമാണ്. വനവികസന നികുതി "406-01-101-96-00-00-FDT" എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെല്ലാൻ വഴി ഒടുക്കേണ്ടതും .മരം സ്വന്തം ചിലവിൽ മുറിച്ചു മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലംകൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്ന്തും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ലേലം കഴിഞ്ഞാലുടൻ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം ലേലം കൊണ്ടയാളുടെ ഒഴികെ തിരിച്ചു നല്കുന്നതാണ്. മേൽ പറഞ്ഞ മരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ എ സി എ ആറിൻറെ അനുവാദത്തോടെ രാവിലെ 10 നും 5 നും ഇടക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

<u>**ലേലത്തിൻറെ വിവരം**</u>

മരം- പെരുമരം.
ലേലം വിളിക്കുന്ന സ്ഥലം- നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ കോമ്പൌണ്ട്.
ലേല തിയതി- 15.09.2018.
ലേല സമയം- 11.00 AM
നിരതദ്രവ്യം - 800/-

E1(a)-43122/2018/T 0b613e

പി അശോക് കുമാർ ഐപിഎസ്
ജില്ലാ പോലീസ് മേധാവി

Internal Administrative Processing System
iAPS
KERALA POLICE